## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### ഇന്ദിരാ ആവാസ് യോജനയിൽ വീടുകൾക്ക് ജില്ലാ അടിസ്ഥാനത്തിലുള്ള വിഹിതം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4634

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനയിൽ വീടുകൾക്ക് ജില്ലാ അടിസ്ഥാനത്തിലുള്ള വിഹിതം അലോട്ട്മെന്റ് നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഐ.എ.വൈ. ഗൈഡ് ലൈൻ അനുശാസിക്കും വിധം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭൗതിക ലക്ഷ്യത്തിൽ 75% ജില്ലകളിലെ ഭവനരഹിതരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും, 25% ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ അടിസ്ഥാനത്തിലും ജില്ലകൾക്ക് വീതിച്ചുനൽകുന്നു. |
| (ബി) | ഓരോ ജില്ലയിലെയും ബ്ലോക്കിലെയും പഞ്ചായത്തുകളിലെയും പട്ടിക ജാതി പട്ടിക വർഗ്ഗ ന്യൂനപക്ഷ ജനസംഖ്യാ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ; | (ബി) | മേൽ വിവരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിൽ നിന്നും ബ്ലോക്കുകൾക്ക് ഭൗതിക ലക്ഷ്യം നൽകുന്നതാണ്. |
| (സി) | പട്ടിക ജാതി, പട്ടിക വർഗ്ഗ ജനസംഖ്യയെക്കാൾ കൂടുതൽ വിഹിതം ചില ജില്ലകളിലേക്ക് അലോട്ട്മെന്റ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പട്ടിക വർഗ്ഗം ഇല്ലെങ്കിൽ ആയത് പട്ടിക ജാതിക്കും ഈ രണ്ടു വിഭാഗവും ഇല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്കും നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ തയ്യാറാകുമോ? | (ഡി) | പട്ടികജാതി-പട്ടിക വർഗ്ഗ ഭൗതിക ലക്ഷ്യം പ്രസ്തുത വിഭാഗങ്ങളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പരസ്പരം മാറ്റി നൽകാവുന്നതാണ്. എന്നാൽ മേൽ ലക്ഷ്യം ന്യൂനപക്ഷ വിഭാഗത്തിനു നൽകാൻ അനുവാദമില്ല. |

സെക്ഷൻ ഓഫീസർ